# കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഫീൽഡ് സ്റ്റാഫും, സൂപ്പർ വൈസർമാരും നിർബന്ധമായും പാലിക്കേണ്ട തൊഴിൽപരമായ ചുമതലകൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

## ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 2041/13/ആകുവ                തീയതി, തിരുവനന്തപുരം, 12.6.2013

## <u>ഉത്തരവ്</u>

സംസ്ഥാനത്ത് ചില ജില്ലകളിൽ ഡെങ്കിപ്പനി കൂടുതലായി കാണുകയും ഡെങ്കിപ്പനി മരണങ്ങൾ ഉണ്ടാകുകയും എലിപ്പനി കേസുകൾ വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ താഴെപ്പറയുന്ന ചുമതലകൾ ആരോഗ്യ വകുപ്പിനു കീഴിലുള്ള ഓരോ വിഭാഗം ജീവനക്കാർക്കും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

### <u>ഡെങ്കിപ്പനി നിയന്ത്രണപ്രവർത്തനങ്ങൾ:</u>

ജെ.എച്ച്.ഐ/ജെ.പി.എച്ച്.എൻ തങ്ങളുടെ ചുമതലയിലുള്ള ഫീൽഡ് പ്രദേശത്തുള്ള വീടുകളിൽ നിന്ന്/സ്ഥാപനങ്ങളിൽ നിന്ന് ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്താൽ താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തിരമായി ആ പ്രദേശത്ത് ചെയ്യേണ്ടതാണ്.

- ഊർജ്ജിത കൊതുക് നിയന്ത്രണ പ്രവർത്തനങ്ങൾ-24-48 മണിക്കൂറിനുള്ളിൽ നടത്തിയിരിക്കണം

- ഇതിന്റെ ഭാഗമായി ഫോഗിങ്ങും, വീടുകൾക്കകത്ത് ഇൻഡോർ സ്പേയ്സ് സ്പ്രേയും ചെയ്യണം. വീടിന്റെ/സ്ഥാപനത്തിന്റെ അരകിലോമീറ്റർ ചുറ്റളവിൽ ഏകദേശം 50 വീടുകളോളം വരുന്ന പ്രദേശത്ത് ഇത് ചെയ്തിരിക്കണം.

- ഊർജ്ജിത ഉറവിട നശീകരണ പ്രവർത്തനം- മുകളിൽ പരാമർശിച്ച പ്രദേശങ്ങളിൽ.

- കൂത്താടി നശീകരണ പ്രവർത്തനം- ഇതേ പ്രദേശത്ത് ടെമിഫോസ്/ സൈഫ്ളൂ ബെൻസ്റോൺ ഉപയോഗിച്ചുള്ള കൂത്താടി നശീകരണം തുടങ്ങിയവ. (സ്പ്രേയിങ്ങിനും, ഫോഗിങ്ങിനും ആവശ്യമായ ഇൻസെക്ടി സൈഡും ലാർവിസൈഡും പി.എച്ച്.സി/സി.എച്ച്.സികളിൽ ലഭ്യമല്ലെങ്കിൽ ഡി.വി.സി യൂണിറ്റിൽ നിന്നോ, ജില്ലാ മെഡിക്കൽ ആഫീസിൽ നിന്നോ അത് ലഭ്യമാക്കേണ്ടതാണ്)

- വീട് തോറും കയറിയിറങ്ങിയുള്ള ഫീവർ സർവ്വേയും ബോധവൽക്കരണവും.

- കൊതുക് കൂത്താടി തുടർ സർവ്വേ (ഫോളോ അപ് സർവ്വേ)- പ്രവർത്തനങ്ങളുടെ ഫലം വിലയിരുത്തൽ- ആഴ്ചയിലൊരിക്കൽ.

ഈ പ്രവർത്തനങ്ങളുടെ മേൽ നോട്ടം അതാത് പി.എച്ച്.സി പ്രദേശത്ത് ഹെൽത്ത് ഇൻസ്പെക്ടർ-ഉം പബ്ലിക് ഹെൽത്ത് നേഴ്സ് (എൽ.എച്ച്.ഐ) നടത്തിയിരിക്കേണ്ടതും, അവ നടന്ന എന്ന് അതത് ബ്ലോക്ക് പ്രദേശത്ത് ഹെൽത്ത് സൂപ്പർവൈസറും, പബ്ലിക് ഹെൽത്ത് നേഴ്സ് സൂപ്പർ വൈസറും (PHNS) ഉറപ്പ് വരുത്തേണ്ട തുമാണ്.

ഇക്കാര്യങ്ങളിൽ പ്രവർത്തനം നടത്താൻ ജെ.എച്ച്.ഐ/ജെ.പി.എച്ച്.എൻ, എച്ച്.ഐ/ എൽ.എച്ച്.ഐ, എച്ച്.എസ്/എൽ.എച്ച്.എസ് എന്നിവർക്ക് കൂട്ടായും വ്യക്തിപരമായും ബാധ്യത ഉണ്ടായിരിക്കുന്നതാണ്. ഏതെങ്കിലും കേസുകളിൽ ഇവ നടന്നില്ലാ എന്ന് ശ്രദ്ധയിൽപ്പെട്ടാൽ ഇവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രതിവാര വെക്ടർ സർവ്വേ ഫലം അവലോകനം ചെയ്യേണ്ടതും കൊതുക്/കൂത്താടി സാന്ദ്രത വർദ്ധിക്കുന്നതിനനുസരിച്ച് ഓരോ പ്രദേശത്തും കൊതുക് ജന്യരോഗങ്ങൾ പൊട്ടിപ്പുറപ്പെടുതിന് മുമ്പ് തന്നെ ഊർജ്ജിത കൊതുക് കൂത്താടി നശീകരണ പ്രവർത്തനങ്ങൾ ചെയ്തിരിക്കേണ്ടതാണ്.

## എലിപ്പനി

ഓടകളിലും , തോടുകളിലും വയലുകളിലും കുളങ്ങളിലും ഇറങ്ങി ജോലി ചെയ്ത വരിലാണ് (പ്രത്യേകിച്ച് തൊഴിലുറപ്പ് പദ്ധതികളുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന വരിൽ) ഈ രോഗം കൂടുതലായി കണ്ടുവരുന്നതും മരണങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നതും എന്നത് കൊണ്ട്, ഈ ജോലി ചെയ്യുന്നവർക്ക് ഡോക്സിസൈക്ലിൻ ഗുളിക പ്രതിരോധ മരുന്നായി ലഭ്യമാക്കേണ്ടതും ആവശ്യമായ ബോധവത്കരണം നടത്തേണ്ടതുമാണ്. ആഴ്ചയിലൊരിക്കൽ ഡോക്സിസൈക്ലിൻ 100 മില്ലി ഗ്രാമിന്റെ രണ്ട് ഗുളിക ജോലിക്കിറങ്ങുന്നതിന്റെ തലേ ദിവസം കഴിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത്. (ഗുളിക ഏൽപ്പിച്ചത് കൊണ്ട് മാത്രം കാര്യമില്ല. അത് കഴിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടി എ ടുക്കേണ്ടതാണ്). 6-8 ആഴ്ച വരെ ആഴ്ചയിലൊരിക്കൽ വീതം ഗുളിക കഴിക്കാവുന്നതാണ്. വീണ്ടും ആ ജോലി തുടരു ന്നുണ്ടെങ്കിൽ ചെറിയൊരു ഇടവേളയ്ക്ക് ശേഷം(2 ആഴ്ചയ്ക്ക് ശേഷം) വീണ്ടും ഗുളിക കൊടുക്കാവുന്നതാണ്. ഗുളിക കഴിച്ച് തുടങ്ങാതെ വീണ്ടും അപകടസാദ്ധ്യത യുള്ള തൊഴിലുകൾ ചെയ്യാൻ പാടില്ല.

<u>ഒരു എലിപ്പനി കേസ് ഫീൽഡ് പ്രദേശത്ത് റിപ്പോർട്ട് ചെയ്താൽ താഴെപറയുന്ന പ്രവർത്തനങ്ങൾ ചെയ്തിരിക്കണം.</u>

- റിപ്പോർട്ട് ചെയ്ത കേസ്സിന്റെ അരക്കിലോമീറ്റർ ചുറ്റളവിലുള്ള വീടുകളിലും രോഗപകർച്ചയ്ക്ക് സാധ്യതയുള്ള അതേ ജോലി ചെയ്ത മറ്റുള്ളവരിലും ഫിവർ സർവ്വേ(ഒന്നിച്ച് ജോലി ചെയ്ത തൊഴിലുറപ്പ് പദ്ധതിയിലെ മറ്റ് ജീവന ക്കാരെയെല്ലാം ഫീവർ സർവ്വേയിൽ ഉൾപ്പെടുത്തണം.)

- പനിയുള്ളവർക്കെല്ലാം പി.എച്ച്.സി/സി.എച്ച്.സി ഡോക്ടറുമായി ബന്ധപ്പെടുത്തി ഡോക്സിസൈക്ലിൻ ചികിൽസ ഉറപ്പ് വരുത്തണം.

- രോഗവ്യാപനം കൂടുതൽ ഉണ്ടാകാതിരിക്കാനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ.

- പാടത്തും പറമ്പിലും ജോലി ചെയ്യുന്നവരിൽ പനി ബാധിതരെ പ്രത്യേകം ശ്രദ്ധിക്കേണ്ടതും അതാത് പ്രദേശത്തെ സ്വകാര്യ ആശുപത്രികളിൽ ചികിൽസയ്ക്ക് എത്തുന്ന സംശായാസ്പദമായ രോഗലക്ഷണങ്ങൾ ഉള്ളവർക്കോ രോഗം സ്ഥിരികരിക്കപ്പെട്ടവർക്കോ എലിപ്പനി ചികിൽസാ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഡോക്സിസൈക്ലിൻ/പെൻസിലിൻ ചികിൽസ ലഭ്യമാക്കുന്നുണ്ടെന്ന് മെഡിക്കൽ ആഫീസർമാർ വഴി ഉറപ്പ് വരുത്തുക. ഫലപ്രദമായ രോഗനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തിയെന്ന് ഉറപ്പ് വരുത്തേണ്ട ബാധ്യത ഫീൽഡ് വർക്കുമാർക്കും സൂപ്പർവൈസർമാർക്കു മാണ്.

ഡെങ്കിപ്പനി, എലിപ്പനി നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങളിൽ ഫലപ്രദമായ മേൽനോട്ടം നൽകാനും, മോണിറ്ററിങ്ങിനുമുള്ള ബാദ്ധ്യത മെഡിക്കൽ ആഫീസർമാർക്കുമു ണ്ടായിരിക്കുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടാകുന്ന പക്ഷം, അത് ഗുരുതമായ കൃത്യവിലോപമായി കണ ക്കാക്കി നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രാജീവ് സദാനന്ദൻ**,
പ്രിൻസിപ്പൽ സെക്രട്ടറി.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
അക്കൗണ്ടന്റ് (എ&ഇ/ആഡിറ്റ്) ജനറൽ, കേരള, തിരുവനന്തപുരം.
ഡയറക്ടർ, I&PRD
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ